**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 736** **06-12-2022 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ അനെർട്ട് മുഖേന സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (എ) | ഹരിത ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെൻറ്റീവ് ആയി അനെർട്ട് നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം 53 സ്ഥാപനങ്ങളിലായി ആകെ 601 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയായി. 36 സ്ഥാപനങ്ങളിലായി ആകെ 1,923 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാൻറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.<br><br>റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ മോഡൽ പദ്ധതി പ്രകാരം പൊതുമേഖലാ സ്ഥാപനമായ എറണാകുളം ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനിയിൽ 500 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായി. |

സെക്ഷൻ ഓഫീസർ